ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് 1989, ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് 1998, റീസൈക്കിൾഡ് പ്ലാസ്റ്റിക്സ് മാനുഫാക്ചർ ആന്റ് യൂസേഴ്സ് റൂൾസ് 1999, മുൻസിപ്പൽ സോളിഡ്സ് വേസ്റ്റ്സ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് 2000, തുടങ്ങിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികളും എടുത്തുവരുന്നു. പ്രസ്തുത നിയമങ്ങളും ചട്ടങ്ങളും പ്രകാരമുള്ള നിബന്ധനകൾ പാലിക്കുവാൻ, വ്യവസായശാലകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകുകയും അപാകതകൾ കാണുന്ന പക്ഷം അത് ശ്രദ്ധയിൽ കൊണ്ടുവരികയും മുൻകരുതൽ നടപടികൾ സ്ഥാപനങ്ങളെക്കൊണ്ട് എടുപ്പിക്കുകയും ചെയ്തുവരുന്നു. ഗുരുതരമായ നിയമലംഘനം നടത്തുന്നവർക്കെതിരെ നിയമ നടപടികളും കൈക്കൊള്ളുന്നുണ്ട്.

(ബി) ഉണ്ട്. ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമത്തിലെ 33 എ വകുപ്പുപ്രകാരവും, വായുമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമത്തിലെ 31 എ വകുപ്പുപ്രകാരവും സ്ഥാപനം അടച്ചുപൂട്ടുന്നതിനുള്ള നിർദ്ദേശം നൽകുകയും, വിദ്യുച്ഛക്തി, ജലവിതരണം എന്നിവ വിച്ഛേദിക്കുന്നതിന് ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകുകയും കുറ്റക്കാരെ ശിക്ഷിക്കാൻ കേസ് ഫയൽ ചെയ്യുകയും ചെയ്യുന്നു.

(സി) ജല നിയമപ്രകാരം 4 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ജല നിയമപ്രകാരം 8 സ്ഥാപനങ്ങൾക്കും വായു നിയമപ്രകാരം 47 സ്ഥാപനങ്ങൾക്കും അടച്ചുപൂട്ടൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ആവശ്യമായ നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് എടുത്തുവരുന്നുണ്ട്.

ആയുർവേദ മരുന്നിന്റെ കയറ്റുമതി

12 (*535) ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുനിന്ന് ആയുർവേദ ഔഷധങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 2002-03-ൽ എന്തുവിലയ്ക്കുള്ള ആയുർവേദ ഔഷധങ്ങൾ കയറ്റുമതി ചെയ്യുകയുണ്ടായി ;

(സി) ആയുർവേദ മരുന്നിന്റെ കയറ്റുമതിയിൽ 'ഔഷധി'യുടെ പങ്ക് എത്ര എന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിദേശത്ത് ആയുർവേദ മരുന്നുകൾക്ക് പ്രോത്സാഹനം ലഭിക്കത്തക്കവിധം ഗവൺമെന്റ് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നോ ആയുർവേദ വിദ്യാഭ്യാസ വകുപ്പിൽ നിന്നോ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിൽ നിന്നോ ആയുർവേദ മരുന്നുകൾ കയറ്റുമതി ചെയ്യുന്നില്ല.

(ബി&സി) (എ) പിരിവിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഔഷധ സസ്യങ്ങളുടെ ആഭ്യന്തര ഉപഭോഗവും കയറ്റുമതിയും ലക്ഷ്യമാക്കി കേന്ദ്ര ഔഷധ സസ്യബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാന ഔഷധ സസ്യബോർഡ് ഇത്തരം സസ്യങ്ങൾ നട്ടുവളർത്തുന്നതിന് വ്യക്തികൾക്കും ഇതര സംഘടനകൾക്കും ധനസഹായം നൽകുന്നുണ്ട്.

പശ്ചാത്തല വികസനത്തിന് സ്വകാര്യ പങ്കാളിത്തം

13 (*536) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. പി. ഗംഗാധരൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പശ്ചാത്തല വികസനത്തിന് സ്വകാര്യ പങ്കാളിത്തം തേടാൻ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം മേഖലകളിലാണ് അവയെ സ്വകാര്യ പങ്കാളിത്തം തേടുവാൻ അനുവദിച്ചിട്ടുള്ളത് ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വകാര്യ പങ്കാളിത്തം തേടുന്നതിനുള്ള അനുവാദം നൽകേണ്ട അധികാരസ്ഥൻ ആരാണ് ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) ഉണ്ട്.

(ബി) എല്ലാ പശ്ചാത്തല സൗകര്യ വികസനത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വകാര്യ പങ്കാളിത്തം തേടാവുന്നതാണ്.

(സി) സർക്കാർ.

LIBRARY ARCHIVES Kerala Legislative Assembly